പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2194 — 07/03/2017-ൽ മറുപടിക്ക്

## എച്ച് ഐ വി ബാധിതരായവർക്ക് പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി. എ. അഹമ്മദ് കബീർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തു എച്ച് ഐ വി ബാധിതരായവർക്ക് പെൻഷൻ നൽകുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ എ.ആർ.ടി ചികിത്സയെടുക്കുന്നവർക്ക് 2014-ൽ പ്രഖ്യാപിച്ച പ്രതിമാസ പെൻഷൻ നിലവിൽ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് എച്ച്.ഐ.വി ബാധിതരായവർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ആർ.ടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്ക് 2015 ജനുവരി മുതൽ ധനസഹായം 1000/- രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിരുന്നു. 2014 ഡിസംബർ വരെയുള്ള അപേക്ഷകർക്ക്, 2015 ജനുവരി മുതൽ മെയ് വരെയുള്ള 1000/- രൂപയായി ഉയർത്തിയ തുകയുടെ നാലു മാസത്തെ കുടിശ്ശിക നൽകിയിട്ടുണ്ട്. |
| ബി) | എച്ച് ഐ വി ബാധിതരുടെ സംഘടനയായ 'സ്നേഹസാന്ത്വന'-ത്തിൽ ഉൾപ്പെട്ട അംഗങ്ങൾ പെൻഷനുമായി ബന്ധപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ? | ബി) | അത്തരത്തിലുള്ള ഒരു നിവേദനം സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ